"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. വി. അശോകൻ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. മനില എം. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2321/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/12/2020

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.10.2015-ലെ ഇ13 (ക്യൂവി.05/15/കെഎൻആർ) 25285/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 21.11.2015-ലെ 12665/ഡി2/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 28.06.2016-ലെ 20/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. വി. അശോകൻ, ശ്രീമതി. മനില എം. എന്നിവർ യഥാക്രമം 30.08.2016 03.09.2016 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 05.10.2018-ലെ ഡി9-23301/16 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്ത് അധികൃതർക്കെതിരെ ശ്രീ.ജനീവൻ വി. എം. സമർപ്പിച്ച പരാതിയിന്മേൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ് സത്വരാന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പണി പൂർത്തിയായ ശേഷം അപേക്ഷകൻ 18,250/- രൂപയുടെ അന്തിമബിൽ 27.02.2015-ന് സെക്രട്ടറി മുമ്പാകെ സമർപ്പിക്കുകയും സെക്രട്ടറി പ്രസ്തുത ബിൽ 28.02.2015-ന് ഇരിട്ടിയിലെ സബ്ട്രഷറിയിൽ സമർപ്പിക്കുകയും 05.03.2015 ന് ഡി.ഡി.ക്കായുള്ള പി.ഒ.സി ലഭിക്കുകയും അന്നേ ദിവസം തന്നെ ഇരിട്ടിയിലെ എസ്.ബി.ടി. ശാഖയിൽ സമർപ്പിക്കുകയും 10.03.2015-ന് സെക്രട്ടറി ഡി.ഡി. കൈപ്പറ്റുകയും ചെയ്തു എങ്കിലും ആയത് വിതരണം ചെയ്യുന്നതിൽ അകാരണമായ കാലതാമസം വരുത്തി എന്നായിരുന്നു പരാതിയുടെ സംക്ഷിപ്തം. ഡി.ഡി.യുടെ പകർപ്പ് പരിശോധിച്ചതിൽ നിന്നും ഡി.ഡി. അനുവദിച്ചിരിക്കുന്നത് 05.03.2015-ന് ആണ്. മൂന്ന് വ്യത്യസ്ത തീയതികളിലെ മൂന്ന് വ്യത്യസ്ത കത്തുകൾ കൃത്യമല്ലാത്ത വിലാസത്തിൽ പഞ്ചായത്ത് ഓഫീസിൽ നിന്ന് സാധാരണ തപാൽ ആയി അപേക്ഷകന് അയച്ചിട്ടുണ്ട്. എന്നാൽ ഒരു വാർഡ് അംഗത്തിന്റെ സഹായത്തോടെ 26.06.2015-ന് മാത്രമാണ് അപേക്ഷകന് ഡി.ഡി. ലഭിച്ചത്. പരിശോധനയിൽ 10.03.2015-ന് പഞ്ചായത്ത് ഓഫീസിൽ ഡി.ഡി. ലഭിച്ചതായി വെളിപ്പെട്ടു. പരാതിക്കാരന്റെ ഫോൺ നമ്പർ പഞ്ചായത്ത് അധികൃതർക്ക് അറിയാമെങ്കിലും സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ ഒരിക്കലും ഡി.ഡി. സ്വീകരിക്കാൻ പരാതിക്കാരനെ ബന്ധപ്പെട്ടിട്ടില്ല. തനിക്ക് നൽകേണ്ട തുക ലഭിക്കുന്നതിന് പരാതിക്കാരൻ ഏതെങ്കിലും വിധത്തിൽ പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെടുന്നില്ല എന്നത് വിശ്വസനീയമല്ല എന്നത് ഇതിൽ നിന്ന് വ്യക്തമാണ്, പഞ്ചായത്ത് ഉദ്യോഗസ്ഥർ ഡിഡി (18,250/-രൂപ) നൽകുന്നതിൽ മൂന്ന് മാസത്തിലധികം മന:പൂർവ്വം കാലതാമസം വരുത്തിയിട്ടുണ്ടെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

തുടർന്ന് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായ തില്ലങ്കേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.വി.അശോകൻ. എ3 സെക്ഷൻ ക്ലാർക്ക് ശ്രീമതി. മനില.എം, എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ

ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. വി. അശോകൻ, ശ്രീമതി. മനില.എം. എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി..

ശ്രീ. വി. അശോകൻ 16.05.2012 മുതൽ 31.05.2016-ന്ന സേവനത്തിൽ നിന്നും വിരമിക്കുന്നതു വരെ പ്രസ്തുത പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്നുവെന്നും ശ്രീമതി. മനില എം പ്ലാൻ ക്ലർക്കായിരുന്നുവെന്നും, തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ അറ്റകുറ്റ പണി നടത്തുന്നതിന് 2012-13 വർഷം 65,000/- രൂപ, പ്രോജക്ട് നം. 50093/13 (മെയിന്റനൻസ്) നീക്കി വച്ചിരുന്നുവെന്നും ടി പ്രവൃത്തി ടെൻഡർ എടുത്തിരുന്നത് ശ്രീ. ജനീവൻ വി.എം, ഗ്ലോബൽ അസ്സോസിയേറ്റ് എന്നവരായിരുന്നുവെന്നും, സി.എഫ്.എൽ തെരുവ് വിളക്ക് ഒരെണ്ണം റിപ്പയർ ചെയ്യുന്നതിന് 250/- രൂപ നിരക്കിലുള്ള ടിയാന്റെ ടെൻഡർ 18.01.2013-ലെ 15/13(2) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് അംഗീകരിച്ചിരുന്നുവെന്നും 23.03.2013-ലെ 16/12-13 പ്രകാരം ഉടമ്പടി വച്ചിരുന്നതിൽ 20,000/- രൂപ 25.03.2013-ന് നൽകിയിരുന്നുവെന്നും 2012-13 വർഷത്തിൽ പ്രവർത്തി പൂർണമായും പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ 2013-14 വർഷത്തേക്ക് സ്പിൽ ഓവർ ആയി 45,000/- രൂപ വകയിരുത്തി പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നതായും, സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 179 എണ്ണമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും കാക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽ 116-ഉം മട്ടന്നൂർ ഇലക്ട്രിക്ക് സെക്ഷനിൽ 28-ഉം ശിവപുരം ഇലക്ട്രിക്കൽ സെക്ഷനിൽ 35-ഉം ബൾബുകൾ ഉള്ളതായിട്ടുള്ള സംയുക്ത പരിശോധനാ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും കൃത്യമായ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം തിട്ടപ്പെടുത്തിയിരുന്നതിനാൽ എ.എം.സി ചാർജ്ജ് 38,250/-രൂപയായിരിക്കുമെന്നറിഞ്ഞ് സെക്രട്ടറിയോടും സെക്ഷൻ ക്ലാർക്കിനോടും കരാറുകാരൻ രോഷാകുലനാകുകയും വാക്കുതർക്കമുണ്ടായതുമായ കാര്യങ്ങൾ ശരിയാണെന്നു ബോധ്യപ്പെട്ടതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നോൺ ബാങ്കിങ് ട്രഷറിയിൽ നിന്നും പി.ഒ.സി. കൊടുത്താൽ ഡിമാൻഡ് ഡ്രാഫ്റ്റ് പിന്നീടാണ് പഞ്ചായത്തിന് നൽകാറുള്ളതെന്നും 27.02.2015 ന് 18,250/- രൂപയുടെ ബിൽ കരാറുകാരൻ ഓഫീസിൽ സമർപ്പിച്ചതിൽ 28.02.2015-ന് തന്നെ ബില്ല് ട്രഷറിയിൽ സമർപ്പിക്കുകയും 05.03.2015-ന് പി.ഒ.സി. ലഭിച്ചതിൽ നോൺ ബാങ്കിങ് ട്രഷറി ആയതിനാൽ എസ്.ബി.ടി. ഇരിട്ടി ശാഖയിൽ നിന്നും 05.03.2015 തീയതി വച്ച 10.03.2015-ന് ഡിമാൻഡ് ഡ്രാഫ്റ്റ് ലഭ്യമായതെന്ന് എതിർവാദ പത്രികകളിൽ വാദിച്ചിട്ടുള്ളത് ശരിയാണെന്നും സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിലും 16.03.2015, 24.04.2015, 05.03.2015 തിയതികളിൽ ശ്രീ.ജനീവൻ.വി.എം. എന്നവർക്ക് സാധാരണ തപാലിൽ കത്ത് നൽകിയിട്ടുള്ളതായും, ഡിമാൻഡ് ഡ്രാഫ്റ്റ് കാലാവധി കഴിഞ്ഞിട്ടും കരാറുകാരൻ കൈപ്പറ്റാത്തതിനെത്തുടർന്ന് ഡിമാൻഡ് ഡ്രാഫ്റ്റ് റീവാലിഡേറ്റ് ചെയ്തിട്ടുള്ളതായും ആയതു 26.06.2015-ന് കരാറുകാരനായ ശ്രീ.ജനീവൻ എന്നവർ രസീത് നൽകി കൈപ്പറ്റിയിട്ടുള്ളതായും തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടുള്ളതായ സാക്ഷ്യപത്രങ്ങൾ മെമ്പർമാരിൽ നിന്ന് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. അശോകൻ, സെക്ഷൻ ക്ലർക്കായിരുന്ന ശ്രീമതി മനില എം എന്നിവർ കരാറുകാരന് ഡിമാൻഡ് ഡ്രാഫ്റ്റ് നൽകുന്ന വിഷയത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. അശോകൻ, സെക്ഷൻ ക്ലർക്കായിരുന്ന ശ്രീമതി. മനില എം. എന്നിവർ കരാറുകാരന് ഡിമാൻഡ് ഡ്രാഫ്റ്റ് നൽകുന്ന വിഷയത്തിൽ മന:പ്പൂർവം കാലതാമസം വരുത്തിയിട്ടില്ലാത്തതിനാലും, ശ്രീ. അശോകൻ 31.05.2016-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാലും തില്ലങ്കേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.അശോകൻ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. മനില എം. എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

File No.LSGD-EPB3/20/2016-LSGD

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. ശ്രീ. വി. അശോകൻ, മുൻ സെക്രട്ടറി, തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. ശ്രീമതി. മനില എം, മുൻ സെക്ഷൻ ക്ലാർക്ക്, തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

8. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി2/202/2019/വിജി. തീയതി 03.07.2019 പ്രകാരം)

9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/20/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.12.16 17:38:17 IST
Reason: Approved

സെക്ഷൻ ഓഫീസർ